## പതിനാലാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 2887 18.06.2018 -ൽ മറുപടിയ്ക്ക്

**ഒറ്റപ്പാലത്ത് റവന്യൂ ടവർ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി. ഉണ്ണി :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)** |
| (എ) ഒറ്റപ്പാലം താലൂക്ക് ഓഫീസി നോട് ചേർന്നു കിടക്കുന്ന റവന്യൂ ഭൂമിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ എന്നാണ് സർക്കാരിന് ലഭിച്ചത്? വിശദാംശം ലഭ്യമാക്കാമോ? | (എ) ഒറ്റപ്പാലം താലൂക്ക് ഓഫീസിനോട് ചേർന്നു മണൽ കടത്തു വാഹനങ്ങളുടെ ഡമ്പിംങ്ങ് യാർഡായി ഉപയോഗിച്ചു വരുന്ന സ്ഥലത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന റവന്യൂ ടവർ സംബന്ധിച്ച പ്രൊപ്പോസൽ ബഹു.റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് ഒറ്റപ്പാലം തഹസിൽദാർ നേരിട്ട് സമർപ്പിച്ചിട്ടുള്ളതും, തുടർന്ന് ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നിന്ന് 04.07.2017 തീയതിയിൽ 1594174/എം(റവ)/17 നമ്പരായി രസീത് കൈപ്പറ്റിയതായി പാലക്കാട് ജില്ലാകളക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) നിർദ്ദിഷ്ട റവന്യൂ ടവറിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) നിർദ്ദിഷ്ട റവന്യൂ ടവറിൽ സ്റ്റാഫ് ക്വാർട്ടേഴ്സ്, ജീവനക്കാരുടെ വിശ്രമ മുറി, ഓഫീസ് വാഹനങ്ങളുടെ പാർക്കിംഗ്, ലാൻഡ് റെക്കോർഡ്സ് വിഭാഗം, ഒറ്റപ്പാലം-2 വില്ലേജ് ഓഫീസ്, കോൺഫറൻസ് ഹാൾ, പ്രകൃതി ക്ഷോഭം കൺട്രോൾ റൂം, ഇലക്ഷൻ വിഭാഗം എന്നിവ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻഓഫീസർ